## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8004 24.07.2012 ൽ മറുപടിയ്ക്ക്

**കെ.എസ്.ആർ.ടി.സി - സ്വകാര്യ ബസ്സുകളിലെ കണ്ടക്ടർമാർക്ക് നെയിം പ്ലേറ്റുകൾ നിർബന്ധമാക്കാൻ നടപടി**

| ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി - സ്വകാര്യ ബസ്സുകളിലെ കണ്ടക്ടർമാർക്ക് നെയിംപ്ലേറ്റുകൾ നിർബന്ധമാക്കി കഴിഞ്ഞ വർഷം മെയ് മാസത്തിൽ മോട്ടോർ വാഹന വകുപ്പ് പുറത്തിറക്കിയ ഉത്തരവ് ഇനിയും പ്രാബല്യത്തിൽ വന്നിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) | ബസ് കണ്ടക്ടർമാർക്ക് നെയിംപ്ലേറ്റ് നിർബന്ധമാക്കിക്കൊണ്ടുള്ള ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഉത്തരവ് കർശനമായി നടപ്പിൽ വരുത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ഗതാഗത കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരുടെ സംഘടനകളുടെയും തൊഴിലാളി സംഘടനകളുടെയും എതിർപ്പിനെ തുടർന്ന് ഗതാഗത കമ്മീഷണറുടെ നിർദ്ദേശം ഇതുവരെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) ഒരു വർഷം പിന്നിട്ടിട്ടും പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാത്തത് യാത്രക്കാരുടെ വൻപ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; | (ബി & സി) | ബസ് കണ്ടക്ടർമാർക്ക് നെയിം പ്ലേറ്റ് നിർബന്ധമാക്കിക്കൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കപ്പെടാതെ വരുന്നത് കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ കണ്ടക്ടർമാർ നെയിം പ്ലേറ്റ് ധരിക്കണമെന്ന് വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാലാണെന്നും തൽഫലമായി നിയമത്തിന്റെ പിൻബലമില്ലാത്തതു മൂലമാണെന്നും സർക്കാരിനു ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 60 ഭേദഗതി ചെയ്തുകൊണ്ട് കണ്ടക്ടർമാർക്ക് നെയിം പ്ലേറ്റ് നിർബന്ധമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ് |
| (സി) ബസ് ജീവനക്കാരെക്കുറിച്ചുള്ള പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരമൊരു ഉത്തരവ് നടപ്പാക്കാൻ കാലതാമസം വരുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ; | | |

| | | |
|---|---|---|
| (ഡി) നെയിംപ്ലേറ്റിനൊപ്പം സ്വകാര്യ ബസിലെ ഡ്രൈവർമാരും കണ്ടക്ടർമാരും നിർബന്ധമായും യൂണിഫോമും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ധരിക്കണമെന്ന നിർദ്ദേശം പാലിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ഡി) | നെയിം പ്ലേറ്റ് യൂണിഫോമിന്റെ ഭാഗമായിട്ടാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ധരിക്കണമെന്ന നിർദ്ദേശം നിലവിലില്ല. വാഹന പരിശോധന നടത്തുമ്പോൾ യൂണിഫോമില്ലാത്ത ഡ്രൈവർക്കും കണ്ടക്ടർമാർക്കുമെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാറുണ്ട്. മോട്ടോർ വാഹന വകുപ്പ് നടത്തിയ പരിശോധനയിൽ നിർദ്ദേശം പാലിക്കാത്ത 174 സ്റ്റേജ് കാര്യേജുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) എല്ലാ വർഷവും സ്കൂൾ തുറക്കുന്ന സമയത്ത് മോട്ടോർ വാഹന വകുപ്പ് ചില നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതല്ലാതെ ജനങ്ങളുടെ സുരക്ഷിതയാത്രയ്ക്കായി സ്ഥിരം സംവിധാനങ്ങളൊരുക്കാൻ ശ്രമിക്കാറില്ലെന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ